(ബി) ആദിവാസി യുവാവ് ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് തെൻമല പോലീസ് സ്റ്റേഷനിൽ ക്രൈം 143/00 യു/എസ്. 174 സി.ആർ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടന്നുവരുന്നു. ഇതുവരെയുള്ള അന്വേഷണത്തിൽ മേൽപ്പടി സംഭവം കൊലപാതകമാണെന്നതിന്റെ തെളിവുകളൊന്നും ലഭിച്ചിട്ടില്ല.

(സി) കേസന്വേഷണത്തിൽ യാതൊരുവിധ അലംഭാവവുമുണ്ടായിട്ടില്ല. ഊർജ്ജിതമായി അന്വേഷിച്ചുവരുകയാണ്.

(ഡി) പുനലൂർ ഡി.വൈ.എസ്.പി. ഊർജ്ജിതമായി കേസ് അന്വേഷിച്ചു വരുന്നതിനാൽ ക്രൈംബ്രാഞ്ചിന് കൈമാറേണ്ട ആവശ്യമില്ല.

കെ.എസ്.എഫ്.ഇ. ഉദ്യോഗസ്ഥ ആർ. രജനിയുടെ ദുരൂഹ മരണം

53 (3005) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2-6-2003-ന് രാത്രിയിൽ പത്തനാപുരം ഓയൂർ നന്ദനം വീട്ടിൽവച്ച് അടൂർ കെ.എസ്.എഫ്.ഇ. ഉദ്യോഗസ്ഥയായിരുന്ന ശ്രീമതി ആർ. രജനി ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞ സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് സ്ത്രീപീഡനം നടന്നതായി ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) ഈ കേസ് സംബന്ധിച്ച് ഇതുവരെ നടന്ന പോലീസ് നടപടിയുടെ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) രജനിയുടെ പോസ്റ്റ് മോർട്ടം റിപ്പോർട്ട് വെളിപ്പെടുത്തുമോ ;

(ഇ) ഇത് സംബന്ധിച്ച് ഫോറൻസിക് ലാബിലെ പരിശോധനാ ഫലം എത്രയും പെട്ടെന്ന് വെളിപ്പെടുത്തി യഥാർത്ഥ കുറ്റവാളികളെ അറസ്റ്റ് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതി നൽകിയിട്ടുണ്ട്.

(സി) ചടയമംഗലം പോലീസ് സ്റ്റേഷനിൽ ക്രൈം 176/03 നമ്പരായി കേസ് രജിസ്റ്റർ ചെയ്തു. പത്തനാപുരം താലൂക്ക് തഹസിൽദാർ ഇൻക്വസ്റ്റ് നടത്തി പ്രേതം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പോസ്റ്റ്മോർട്ടം നടത്തിയിട്ടുള്ളതും ടി കേസ്സിന്റെ തുടർന്നുള്ള അന്വേഷണം പുനലൂർ ഡി.വൈ.എസ്.പി. നടത്തിവരികയുമാണ്.

(ഡി) പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ മരണകാരണം "പോയിസ്സിംഗ്" ആണെന്ന് പറഞ്ഞിട്ടുണ്ട്. രാസപരിശോധന റിപ്പോർട്ട് കിട്ടിയാൽ മാത്രമേ മരണകാരണം സ്ഥിരീകരിക്കാൻ സാധിക്കുകയുള്ളൂ.

(ഇ) സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly